**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 458** | **23-02-2022 - ൽ മറുപടിയ്ക്ക്**

**വാക്സിൻ ഗവേഷണത്തിനും നിർമ്മാണത്തിനും ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ വാക്സിൻ ഗവേഷണത്തിനും വാക്സിൻ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ തുകയിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഏത് ഇനത്തിലാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ? | (എ) | 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് (KSCSTE) കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (IAV)-യിൽ വാക്സിൻ ഗവേഷണം ആരംഭിക്കുന്നതാണെന്നും ഇതിനായി 10 കോടി രൂപ വകയിരുത്തുന്നുവെന്നും പ്രഖ്യാപിച്ചതിനെ തുടർന്ന് നടപ്പ് സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ '3425-60-200-46-NV-Vaccine Research Units at the Institute of Advanced Virology under Kerala State Council for Science and Technology' എന്ന ശീർഷകം ആരംഭിക്കുകയും ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും ചെയ്തു. തുടർന്ന് ഇതേ ആവശ്യത്തിനായി അധിക തുകയൊന്നും അനുവദിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ